**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/08/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഏപ്രിൽ -15- 2024**

<u>പരാതിക്കാരൻ</u> : സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത്,
കവലയൂർ പി.ഓ., വർക്കല
തിരുവനന്തപുരം ജില്ല- 695144.

<u>എതിർകക്ഷി</u> : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
ആറ്റിങ്ങൽ, തിരുവനന്തപുരം ജില്ല.

## <u>ഉത്തരവ്</u>

### <u>പരാതിയുടെ പശ്ചാത്തലം</u>

അപ്പീൽ പരാതി സമർപ്പിച്ചിരിക്കുന്നത് മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്. മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ മൂന്ന് വാർഡുകൾ ആറ്റിങ്ങൽ ഇലക്ട്രിക്ക് സെക്ഷന്റെ കീഴിലാണ്. ഈ വാർഡുകളിൽ വൈദ്യുത ചാർജ് ഈടാക്കാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ടാണ് പരാതി. 15/01/2020-ൽ ലൈസൻസിയുടെ റീജിയണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ മൂന്ന് വാർഡുകളിലായി 327 ലൈറ്റുകൾ, സ്ട്രീറ്റ് മെയിൻ ഇല്ലാതെ പ്രവർത്തിപ്പിക്കുന്നു എന്നും, അവയ്ക്ക് short assessment ആയി രണ്ടു വർഷത്തേക്ക് 2,13,984/- രൂപ ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. തൽഫലമായി മണമ്പൂർ ഗ്രാമ പഞ്ചായത്തിന് 2,13,984/- രൂപയുടെ ബിൽ ലൈസൻസി നൽകി. പഞ്ചായത്ത് ആ തുക അടയ്ക്കുവാൻ തയ്യാറായില്ല എന്ന് മാത്രമല്ല പഞ്ചായത്ത് street lights-ന്റെ വൈദ്യുത ബിൽ കൃത്യമായും

അടയ്ക്കുന്നതിനാൽ കുടിശ്ശിക വരാൻ സാധ്യതയില്ല എന്നും ഇത്തരം പരിശോധനയെക്കുറിച്ച് ഉപഭോക്താവ് എന്ന രീതിയിൽ തങ്ങളെ അറിയിക്കുകയോ ബോധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നും പരാതിയിൽ പറയുന്നു. അതിനാൽ തന്നെ ഈ കുടിശ്ശിക ബിൽ അസാധുവാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് CGRF-ന് പരാതി സമർപ്പിക്കുകയും, CGRF നടപടികൾ പൂർത്തിയാക്കി 29/12/2023-ൽ ഉത്തരവിറക്കുകയും ചെയ്തു. CGRF-ന്റെ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ഹർജികക്ഷി മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സെക്രട്ടറി ആകുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 -ാം വകുപ്പ് 1-ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം തെരുവു വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെട്ടതാണ്. ഇപ്രകാരം അധികാരപ്പെടുത്തിയതിന്റെ പ്രകാരമാണ് മണമ്പൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡുമായി സഹകരിച്ച് ഗ്രാമപഞ്ചായത്ത് പരിപാലിച്ചു പോരുന്നത്. ഒന്നാം എതിർകക്ഷിയുടെ 09.01.2020 ലെ AE/EE/ATL/19-20/26 നമ്പർ കത്ത് പ്രകാരം ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവു വിളക്കുകൾ കത്തിക്കുന്നതായും തെരുവുവിളക്കുകൾ മീറ്റർ ചെയ്ത് വൈദ്യുതി ചാർജ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2010-ൽ 15,00000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറിയിരുന്നു. എന്നാൽ നാളിതുവരെ മീറ്ററുകൾ സ്ഥാപിച്ച് യഥാർത്ഥ വൈദ്യുതി ഗ്രാമപഞ്ചായത്തിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇപ്പോഴും കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമുള്ള വൈദ്യുത ചാർജ്ജ് ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്താതെ ഒടുക്കിവരുകയുമാണ്.

09/01/2020-ലെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കത്തിന് ഗ്രാമപഞ്ചായത്ത് അതിന്റെ 23/01/20200-ലെ A4-342/2020 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതാണ്. തുടർന്ന് 26/02/2020 ൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി

ഈ വിഷയം ചർച്ച ചെയ്യുകയും മീറ്ററിംഗ് നടത്തുന്നതിന് 15 ലക്ഷം രൂപ 2010-ൽ ഒടുക്കിയിട്ടുള്ളതായും മീറ്ററിംഗ് നടത്താത്തത് പഞ്ചായത്തിന്റെ വീഴ്ച അല്ലെന്നും മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക ഒടുക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്നും ഉള്ള വിവരം എതിർ കക്ഷിയെ അറിയിക്കുന്നതിന് തീരുമാനിച്ചു.

കൂടാതെ സർക്കാർ നിർദേശാനുസരണം വർഷങ്ങളായി ട്യൂബ്, ബൾബ് എന്നിവ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉപയോഗിക്കുന്നില്ല. മുൻപ് ഉണ്ടായിരുന്ന ചില പാഴ് ട്യൂബുകളും ബൾബുകളും ആയിരിക്കും ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുള്ളതെന്നും, നിലവിൽ എൽ ഇ ഡി ബൾബ് മാത്രമേ ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്നുവെന്ന് കമ്മിറ്റി കണ്ടെത്തി. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉണ്ടായിരുന്ന എല്ലാ ബൾബുകളും ട്യൂബുകളും എണ്ണം കണക്കാക്കി വൈദ്യുതി ചാർജ് ഒടുക്കു വരുത്തിയിട്ടുള്ളതാണ്. ആയതിനാൽ കുടിശ്ശിക ഉണ്ടെന്ന ആഡിറ്റ് വിഭാഗത്തിന്റെ കണ്ടെത്തൽ ശരിയല്ല എന്നും 8(1)-ാം കമ്മിറ്റി നിരീക്ഷിച്ചിട്ടുണ്ട്. 26/02/2020 ലെ 8(1) നമ്പർ തീരുമാനവും 10/03/2020 ലെ A2-342/2020-ാം നമ്പർ കത്തും ആറ്റിങ്ങൽ കെ.എസ്.ഇ.ബി സെക്ഷന് കൈമാറിയിട്ടുണ്ട്.

തുടർന്ന് 13/10/2023 ലെ ആറ്റിങ്ങൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള TS2023/004532 നമ്പർ ഡിമാന്റ് നോട്ടീസ് (കൺസ്യൂമർ Mo. 1145311029756) കമ്മിറ്റി ചർച്ച ചെയ്തതിൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17/10/2023 ലെ 9(1) നമ്പർ തീരുമാന പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിലെ ആറ്റിങ്ങൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ വരുന്നതായ തെരുവ് വിളക്കിന്റെ വൈദ്യുത ബിൽ കുടിശ്ശിക സഹിതം 332879/- രൂപ നിലനിൽക്കുന്നുവെന്നും കെ.എസ്.ഇ.ബി ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 പ്രയോജനപ്പെടുത്തിയാൽ പലിശയിനത്തിൽ പരാമാവധി 81140/- രൂപ ലാഭിക്കാവുന്നതാണെന്നും അറിയിച്ച് കൊണ്ട് ആറ്റിങ്ങൽ കെ.എസ്.ഇ.ബി സെക്ഷനിൽ നിന്നും ലഭിച്ച നോട്ടിസിൽ ഡിമാന്റ് ചെയ്ത കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതിനായി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ആറ്റിങ്ങൽ മുമ്പാകെ അപ്പീലും തുടർന്ന് 27/10/2023 ലെ എസ് സി 3/5062/23-ാം നമ്പർ കെ.എസ്.ഇ.ബി ഗ്രീവൻസ് കൺസ്യൂമർ റിഡ്രസ്സൽ ഫോറം കൊട്ടാരക്കര മുമ്പാകെ അപ്പീൽ അപേക്ഷയും നൽകിയിരുന്നു. പ്രസ്തുത ഹർജി തീർപ്പാക്കിക്കൊണ്ട് (ഒ.പി.നമ്പർ 78/2023) 29/12/2023-ൽ സി.ജി.ആർ.എഫ്

പുറപ്പെടുവിച്ച ഉത്തരവിൽ ഗ്രാമപഞ്ചായത്ത് ഒടുക്കം വരുത്തിയ 15 ലക്ഷം രൂപ വിനിയോഗിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും തുക വിനിയോഗിച്ചതിന് വിനിയോഗസാക്ഷ്യ പ്രതം നല്കിയിട്ടുണ്ടായെന്ന് പരിശോധിക്കുന്നതിന് ഉത്തരാവുകയും എന്നാൽ ഈ നടപടി പൂർത്തീകരിക്കുന്നതിന് മുമ്പായി ഹർജി കക്ഷി കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയ ബിൽ തുക ഒടുക്ക് വരുത്തണമെന്നും ഉത്തരവായിരുന്നു. ഈ ഉത്തരവ് ഏകപക്ഷീയമായിട്ടുള്ളതും ഹർജി കക്ഷി ഉന്നയിച്ച വസ്തുതകൾക്ക് നിവൃത്തി വരുത്താത്തതുമാണ്.

ഗ്രാമപഞ്ചായത്ത് ഒടുക്ക് വരുത്തിയ 15 ലക്ഷം രൂപ വിനിയോഗിച്ച് തെരുവ് വിളക്കുകളുടെ മീറ്റിംഗ് നടത്തി യഥാർത്ഥ വൈദ്യുതി ഉപയോഗത്തിന് മാത്രം വൈദ്യുത ചാർജ് ഈടാക്കാതെ ഓഡിറ്റ് പരാമർശത്തിന്റെ പേരിൽ ഭീമമായ തുക കുടിശ്ശികയായി ഗ്രാമപഞ്ചായത്തിന്റെ പേരിൽ ചുമത്തിയ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നടപടി മേൽ പരാമർശിച്ച വസ്തുതകൾ കണക്കിലെടുത്ത് റദ്ദ് ചെയ്ത് ഉത്തരവാകണമെന്ന് ബഹു. ഓംബുഡ്സ്മാന് മുമ്പാകെ ബോധിപ്പിക്കുന്നു.

## <u>എതിർക്കക്ഷിയുടെ വാദം</u>

തെരുവ് വിളക്കുകൾ മീറ്ററിംഗ് ആക്കുന്നതിനു 2010 ൽ 15 ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട് എന്ന് ഹർജിൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് അവകാശപ്പെടുന്നുണ്ട്. മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കല്ലമ്പലം, വക്കം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ ആണ് വരുന്നത്. വളരെ കുറച്ചു പ്രദേശങ്ങൾ മാത്രമാണ് ആറ്റിങ്ങൽ സെക്ഷന്റെ പരിധിയിൽ വരുന്നത്. ആയതിനാൽ ഈ തുക മറ്റു സെക്ഷനുകളിൽ ഒടുക്കിയത് ആവാനാണ് സാധ്യതയുള്ളത്. മാത്രമല്ല തുക ഒടുക്കിയതിന്റെ മറ്റു വിവരങ്ങൾ ഒന്നും തന്നെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടില്ല. മണമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/09/2021 ലെ എ 2 -94 / 22 നമ്പർ കത്ത് പ്രകാരം സ്ട്രീറ്റ് ലൈറ്റിനുവേണ്ടിയുള്ള ലൈൻ വലിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയിലേക്ക് 10,51000/-(പത്തുലക്ഷത്തി അൻപത്തി ഒന്നായിരം രൂപ) വകയിരുത്തിയിട്ടുണ്ട് എന്നും ആറ്റിങ്ങൽ സെക്ഷന്റെ പരിധിയിൽപ്പെടുന്ന 6,7,8 വാർഡുകളിലേയ്ക്ക് ഉള്ള സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന്റെ എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും, ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും

ചെയ്യിരുന്നു.എസ്റ്റിമേറ്റ് തുകയായ 85015/- രൂപ മണമ്പൂർ ഗ്രാമ പഞ്ചായത്ത് ഒടുക്കുകയും, പ്രവൃത്തി പൂർത്തീകരിക്കുകയും, ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്യിട്ടുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ്. മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ തെരുവ് വിളക്കുകൾക്കു വേണ്ടിയുള്ള പ്രത്യേക വൈദ്യതി ലൈൻ ഇല്ലാത്ത ഇടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുകയും, തന്മൂലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്യു. നിലവിൽ ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റേതായി 12 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി കണക്ഷനുകൾ ആണുള്ളത്. 06/03/ 2020 ൽ ആണ് ഈ വൈദ്യുതി കണക്ഷനുകൾ നൽകിയത്.

മണമ്പൂർ ഗ്രാമ പഞ്ചായത്തിന് തെരുവ് വിളക്കുകളുടെ വൈദ്യുതി കുടിശ്ശിക ഇനത്തിൽ 213984.00/- (രണ്ടുലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയുടെ ബിൽ നൽകിയത് ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷനിൽ റീജിയണൽ ഓഡിറ്റ് ഓഫീസിൽ നിന്നുള്ള പരിശോധന സംഘം നടത്തിയ പരിശോധനയിന്മേലുള്ള റിപ്പോർട്ടിലെ (റിപ്പോർട്ട് നമ്പർ :RAO/AA II/ATL/2019/217 Dated 15/01/2020) പേജ് നമ്പർ 45,46 എന്നിവയിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലാണ്. ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിലെ തെരുവ് വിളക്കുകളുടെ തൽസ്ഥിതി നേരിട്ട് പരിശോധിക്കുകയുണ്ടായി. ടി പരിശോധനയിൽ മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന പല സ്ഥലങ്ങളിലും തെരുവ് വിളക്കുകൾക്കു മാത്രമായുള്ള പ്രത്യേക വൈദ്യുതി ലൈൻ ഇല്ലാതെ തന്നെ മെയിൻ ലൈനിൽ ടൈമറിന്റെ സഹായത്താൽ രാത്രി സമയങ്ങളിൽ മാത്രം കത്തുന്ന തെരുവ് വിളക്കുകളും,ദിവസം മുഴുവനും കത്തിക്കിടക്കുന്ന ടൈമർ സംവിധാനം ഇല്ലാത്ത തെരുവ് വിളക്കുകളും, വൈദ്യുതി പോസ്റ്റുകളിൽ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്നതായി കണ്ടെത്തുകയുണ്ടായി. അന്നത്തെ പരിശോധനയിൽ കണ്ടെത്തിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ താഴെപ്പറയുംവിധം ആണ്.

**<u>മണമ്പൂർ ഗ്രാമപഞ്ചായത്ത്, പാലാംകോണം വാർഡ്</u>**

ഡബിൾ ട്യൂബ് സെറ്റ് -5 എണ്ണം, എൽ ഈ ഡി ബൾബുകൾ -129 എണ്ണം

**<u>മണമ്പൂർ ഗ്രാമപഞ്ചായത്ത്, ചെഞ്ചേരിക്കോണം വാർഡ്</u>**

ഡബിൾ ട്യൂബ് സൈറ്റ് -3 എണ്ണം, എൽ ഈ ഡി ബൾബുകൾ -93 എണ്ണം, സിംഗിൾ ട്യൂബ് സെറ്റ് -3 എണ്ണം

**<u>മണമ്പൂർ ഗ്രാമപഞ്ചായത്ത്, ചാത്തൻപാറ വാർഡ്</u>**

ഡബിൾ ട്യൂബ് സെറ്റ് - 2 എണ്ണം, സി എഫ് എൽ -92 എണ്ണം

| നമ്പർ | തെരുവ് വിളക്കിന്റെ തരം | വാട്ട്സ് (w) | ഒരുമാസ ത്തേക്കുള്ള നിരക്ക് | തെരുവ് വിളക്കി ന്റെ എണ്ണം | ആകെ തുക (രൂപയിൽ ) |
|---|---|---|---|---|---|
| 1 | Fluorescent Tube-Single | 40 | 66 | 3 | 198 |
| 2 | Fluorescent Tube- Double | 80 | 134 | 10 | 1340 |
| 3 | LED | 20 | 15 | 222 | 3330 |
| 4 | CFL | 30 | 44 | 92 | 4048 |
| **ആകെ** | | | | | **8916/-** |

മേൽപ്പറഞ്ഞ അത്രയും എണ്ണം തെരുവ് വിളക്കുകൾക്കു ഒരുമാസത്തേയ്ക്ക് 8916/- രൂപ വൈദ്യുതി ബിൽ കണക്കാക്കുകയുണ്ടായി.ഈ നിരക്കിൽ രണ്ടു വർഷത്തേക്കുള്ള വൈദ്യുതി ചാർജ് കണക്കാക്കിയാണ് മണമ്പൂർ ഗ്രാമപഞ്ചായത്തിന് 213984.00/- (രണ്ടുലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി **എൺപത്തി**നാല്) രൂപയുടെ വൈദ്യുതി ബിൽ നൽകിയത്.

രണ്ട് വർഷത്തേക്കുള്ള വൈദ്യതി ബിൽ -Rs 8916 x 24 മാസം =Rs 213984 /- ഈ തുക 20/01/2020 ൽ മണമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് മുഘേന അറിയിക്കുകയും മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ തന്നെ തെരുവ് വിളക്ക് വൈദ്യുതി കണക്ഷന്റെ കൺസ്യൂമർ നമ്പർ ആയ 1145311029756 ൽ 26/05/2020-ൽ ഡിമാൻഡ് ചെയ്യുകയും ചെയ്തിരുന്നു. തെരുവ് വിളക്കുകൾക്കായുള്ള പ്രത്യേക വൈദ്യുതി ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ മെയിൻ ലൈനിൽ നിന്നും ഉള്ള വൈദ്യതി ഉപയോഗിച്ച് തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നത് അനധികൃതം തന്നെയാണ്. മണമ്പൂർ ഗ്രാമ പഞ്ചായത്ത്

ബഹുമാനപെട്ട പരാതി പരിഹാര ഫോറം മുൻപാകെ സമർപ്പിച്ച നിവേദനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലാണ് പഴയ ട്യൂബ് ലൈറ്റുകളും, സി എഫ് എൽ ബൾബുകളും മാറ്റി എൽ ഈ ഡി ബൾബുകൾ ആക്കിയത് എന്ന് പറയുന്നുണ്ട്. മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബഹുമാനപെട്ട സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുൻപാകെ സമർപ്പിച്ചിരിക്കുന്ന ഹർജിയിൽ സർക്കാർ നിർദ്ദേശാനുസരണം വർഷങ്ങളായി ട്യൂബ്, ബൾബ് എന്നിവ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉപയോഗിക്കുന്നില്ല എന്നും പറയുന്നുണ്ട്. എന്നാൽ മണമ്പൂർ ഗ്രാമ പഞ്ചായത്തിന് ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 213984.00/- (രണ്ടുലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയുടെ വൈദ്യുതി ബിൽ നൽകാനിടയായ ആർ എ ഓ ടീമിന്റെ പരിശോധന നടന്നത് 2020 ജനുവരി മാസത്തിനു മുൻപ് ആണ്. മാത്രമല്ല കേരളാ സർക്കാർ എല്ലാ തെരുവ് വിളക്കുകളും എൽ ഈ ഡി ബൾബുകൾ ആക്കുന്നതിനുള്ള നിർദ്ദേശം ഉത്തരവായി പുറത്തിറക്കിയത് 2020 സെപ്റ്റംബർ മാസത്തിൽ ആണ്. ഓർഡർ നമ്പർ.1784 /2020/ തീയതി 29/09/2020, തിരുവനന്തപുരം. ആയതിനാൽ പരിശോധനനയിൽ കണ്ടെത്തിയ തെരുവ് വിളക്കുകൾ ആ സമയത്ത് ഉപയോഗത്തിൽ ഉള്ളവ തന്നെ ആയിരുന്നു. പരിശോധന നടത്തിയ പ്രദേശങ്ങളിൽ ആ കാലയളവിൽ ഉണ്ടായിരുന്ന തെരുവ് വിളക്കുകൾ ഉപയോഗത്തിലില്ലായിരുന്നവയാണ്, വർഷങ്ങളായി ട്യൂബ്, ബൾബ് എന്നിവ മണമ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉപയോഗിക്കുന്നില്ല എന്നുമുള്ള വാദങ്ങൾ തള്ളിക്കളയാവുന്നവയാണ്. ഇത്തരത്തിൽ അനധികൃതമായി സ്ട്രീറ്റ് ലൈറ്റിന് വേണ്ടിയുള്ള പ്രത്യേക വൈദ്യതി ലൈൻ ഇല്ലാത്തയിടങ്ങളിൽ തെരുവ് വിളക്കുകൾ മീറ്ററിംഗ് ചെയ്യാതെ മെയിൻ വൈദ്യുതി ലൈനുമായി ബന്ധിപ്പിച്ചു പ്രവർത്തിപ്പിച്ചത് മൂലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി ചാർജ് ഇനത്തിൽ ലഭിക്കേണ്ട തുക അടയ്ക്കാൻ മണമ്പൂർ ഗ്രാമ പഞ്ചായത്ത് ബാധ്യസ്ഥമാണ്. 26/05/2023-ൽ 213984.00/- (രണ്ടുലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയുടെ വൈദ്യതി ബിൽ ആണ് മണമ്പൂർ ഗ്രാമപഞ്ചായത്തിന് നൽകിയത്. ഈ തുക മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഒടുക്കാൻ തയ്യാറാകാതിരുന്നതിനാൽ ബിൽ തീയതി മുതൽ ഇന്നേദിവസം വരെയുള്ള പലിശ ആയ 140405.00 രൂപ ഉൾപ്പെടെ 352778.00(മൂന്നുലക്ഷത്തി അൻപത്തിരണ്ടായിരത്തി എഴുന്നൂറ്റി എഴുപത്തിയെട്ട്) രൂപയാണ് നിലവിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഒടുക്കാനുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ(OTS -2023 ) ഈ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. OTS -2023 പ്രകാരം പഞ്ചായത്ത് ടി ബിൽ തുക

അടയ്ക്കാൻ തയ്യാറാകുകയാണെങ്കിൽ പലിശയിനത്തിൽ 81140.00/- (എൺപത്തിഒന്നായിരത്തി എഴുനൂറ്റി നാൽപ്പത്) രൂപ വരെ ലാഭിക്കാൻ കഴിയും (ബിൽ ഒടുക്കുന്ന തീയതിക്കനുസരിച്ച് ഇളവിൽ വ്യത്യാസം വരാവുന്നതാണ്). ബഹുമാനപ്പെട്ട ചെയർപേഴ്സൺ, സി ജി ആർ എഫ് (സൗത്ത്) കൊട്ടാരക്കര ഈ വിഷയം ഗൗരവമായി പരിശോധിക്കുകയും, വസ്തുതകൾ വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നൽകിയ 213984.00/- (രണ്ടുലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയുടെ വൈദ്യുതി ബിൽ അടയ്ക്കാൻ മണമ്പൂർ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥമാണ് എന്ന് കണ്ടെത്തുകയും ആയത് ഉത്തരവ് നമ്പർ CGRF/KTR/OP No.78/2023/328 തീയതി 29/12/2023 പ്രകാരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

മണമ്പൂർ ഗ്രാമ പഞ്ചായത്തിന് കീഴിൽ അനധികൃതമായി ഉപയോഗിച്ച തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മാത്രമാണ് KSEBL ഈടാക്കാൻ ശ്രമിക്കുന്നത്. OTS-2023 ന്റെ കാലാവധി 2024 മാർച്ച് മാസം 31 വരെയാണ്, ആയതിനാൽ KSEBL ന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ലഭിക്കുന്ന പലിശയിളവ് പരമാവധി പ്രയോജനപ്പെടുത്തി ഈ വൈദ്യുതി ബിൽ കുടിശ്ശിക തീർപ്പാക്കാൻ മണമ്പൂർ ഗ്രാമ പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കണമെന്ന് ബഹുമാനപ്പെട്ട സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനോട് അഭ്യർത്ഥിക്കുന്നു.

## <u>പരാതിക്കാരന്റെ എതിർവാദം</u>

മണമ്പൂർ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയുണ്ട് എന്ന കാരണത്താൽ ലഭ്യമായ ഇലക്ട്രിസിറ്റി ബില്ലിൽ ബഹു. ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുൻപാകെ ആറ്റിങ്ങൽ കെ എസ് ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ, ആറ്റിങ്ങൽ അസിസ്റ്റന്റ് എഞ്ചീനീയർ എന്നിവർ സമർപ്പിച്ച പത്രികയിലെ പരാമർശങ്ങളിൽ (1) സ്ട്രീറ്റ് ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി അടവാക്കിയ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തികരിച്ചതായി പരാമർശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 176 ബി (2) (1) പ്രകാരം തെരുവുകളിൽ വിളക്ക് വയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ പഞ്ചായത്ത് ചെയ്യണമെന്നും 176 ബി (2) (1) സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും മറ്റ് വ്യവസ്ഥകൾക്കും വിധേയമായി കെ.എസ്.ഇ.ബി സാങ്കേതിക സഹായവും മറ്റും നൽകണമെന്നും പറയുന്നു. ആയത് പ്രകാരം പഞ്ചായത്ത് തീരുമാനിക്കുന്ന പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ വ്യവസ്ഥകൾക്കനുസരിച്ച്

ആവശ്യമായ തുക അടച്ച് നൽകുക എന്ന ഉത്തരവാദിത്വം മാത്രം പഞ്ചായത്തിനുള്ളതും പ്രസ്തുത ലൈറ്റുകളെ ദിനംപ്രതി പരിശോധിക്കാനുള്ള ബാധ്യത കെ.എസ്.ഇ.ബി.യ്ക്ക് ഉള്ളതുമാകുന്നു.

പ്രത്യേക വൈദ്യുതി ലൈൻ ഇല്ലാത്ത ഇടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചതായി പറയുന്നു. ഇത്തരത്തിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റുകൾക്ക് ഒരു ഫിക്സഡ് ചാർജ് ചുമത്തി കെ.എസ്.ഇ.ബി പ്രതിമാസം ബില്ല് നൽകി തുക ഈടാക്കണമെന്ന് വ്യവസ്ഥയുള്ളതും, ബില്ല് നൽകിയ ശേഷവും തുക അടവാക്കാതെയിരുന്നാൽ യഥാസമയം തുക അടപ്പിക്കേണ്ടിയിരുന്ന ബാധ്യത ബന്ധപ്പെട്ട കെ.എസ്.ഇ.ബി.യ്ക്ക് ഉള്ളതും എന്നാൽ യഥാസമയം ബില്ല് സമർപ്പിക്കാതെയും ലൈറ്റുകളുടെ പ്രവർത്തനം പരിശോധിക്കാതെയും ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾക്കും മറ്റു ബാധ്യതകൾക്കുമുള്ള ഉത്തരവാദിത്വം കെ.എസ്.ഇ.ബി.യ്ക്ക് മാത്രമായിരിക്കുമെന്നും, എന്നാൽ യഥാസമയങ്ങളിൽ ലഭ്യമായ ബില്ലുകൾക്ക് കാലതാമസം കൂടാതെ പഞ്ചായത്ത് തുക ഒടുക്കിയിരുന്നതായും ബോധിപ്പിക്കുന്നു.

മണമ്പൂർ ഗ്രാമപഞ്ചായത്തിൽ ആറ്റിങ്ങൽ സബ് ഡിവിഷന്റെ കീഴിൽ വരുന്ന പലസ്ഥലങ്ങളിലും സ്ട്രീറ്റ് മെയിൻ ഇല്ലാത്തതുകൊണ്ട് ടൈമറിന്റെ സഹായത്താൽ രാത്രി സമയങ്ങളിൽ കത്തുന്ന വിളക്കുകളും ടൈമർ സംവിധാനമില്ലാത്ത തെരുവ് വിളക്കുകളും പ്രവർത്തിക്കുന്നതായി പരിശോധനയിൽ കണ്ടതായി പറയുന്നു. തെരുവ് വിളക്കുകളുടെ ആവശ്യകത രാത്രികാലങ്ങളിൽ മാത്രമായിരിക്കുമെന്നും പകൽസമയം പ്രകാശിപ്പിക്കേണ്ട ആവശ്യമില്ലയെന്നും, സ്ട്രീറ്റ് മെയിനില്ലാത്ത സ്ഥലങ്ങളിൽ ടൈമർ ഇല്ലാത്ത വിളക്കുകൾ സ്ഥാപിച്ചതിന്റെ ഉത്തരവാദിത്വവും ആയതിനുള്ള സാമ്പത്തിക നഷ്ടത്തിനുള്ള ബാധ്യതയും കെ.എസ്.ഇ.ബി.ക്ക് മാത്രമായിരിക്കുമെന്നും കൂടാതെ ഓഡിറ്റ് ടീം ഇപ്രകാരം സ്ഥാപിച്ചിട്ടുള്ള ലൈറ്റുകളുടെ വിശദാംശങ്ങൾ യഥാസമയം പരിശോധിച്ചിരുന്നുവെങ്കിൽ ടി നഷ്ടം ഉണ്ടാകുമായിരുന്നില്ലയെന്നും, കെ.എസ്.ഇ.ബി.യ്ക്ക് സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാപിക്കൽ മാത്രമല്ല ആയതിന്റെ പ്രവർത്തനം വിലയിരുത്തേണ്ട ബാധ്യത കൂടി ഉണ്ടെന്നിരിക്കെ ആയത് പാലിക്കാത്തതുകൊണ്ടാണ് പകൽ സമയങ്ങളിൽ പോലും ലൈറ്റുകൾ പ്രകാശിപ്പിച്ചതായി കാണാൻ കഴിഞ്ഞത്. എന്നാൽ ഓഡിറ്റ് സംഘം ഗ്രാമപഞ്ചായത്ത് പ്രതിനിധികളെ പ്രസ്തുത പരിശോധനാ വേളയിൽ ഉൾപ്പെടുത്താതിരുന്നത് ലൈസൻസിയുടെ ഭാഗത്തു നിന്നുള്ള വീഴ്ച ഗ്രാമപഞ്ചായത്തിന്റെ മേൽ ചുമത്തുന്നതിനുവേണ്ടി മാത്രമായിരുന്നു.

ആറ്റിങ്ങൽ കെ.എസ്.ഇ.ബി.യ്ക്ക് മണമ്പൂർ പഞ്ചായത്തിന്റെ വാർഡുകളിൽ നിന്നും പ്രതിമാസം വൈദ്യുതി ചാർജ് ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുക 8916/- രൂപ മാത്രമായിരുന്നുവെന്നും എന്നാൽ, ടി ബില്ലുകൾ യഥാസമയം നൽകാത്തതിന്റെ ഉത്തരവാദിത്വം കെ.എസ്.ഇ.ബി.യ്ക്കും അത് പരിശോധിക്കേണ്ട ഉത്തരവാദിത്വം റീജീയണൽ ഓഡിറ്റിനും ഉണ്ട് എന്ന് പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

കെ.എസ്.ഇ.ബിയുടെ ശുപാർശയിൻമേൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സർക്കാർ യഥാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും നിർദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റുകളിൽ നിന്നും ഫ്ളൂറസെൻറ്റ് ട്യൂബ്, ബൾബുകൾ എന്നിവ ഒഴിവാക്കണമെന്ന അറിയിപ്പിൻമേൽ 2013/2014 വർഷം മുതൽ സി എഫ് എൽ പോലുള്ള ലൈറ്റുകളിലേക്ക് പഞ്ചായത്തുകൾ മാറിയിട്ടുണ്ട്. ഇപ്രകാരം മാറ്റി സ്ഥാപിച്ച ലൈറ്റുകളുടെ വിവരം കെ എസ് ഇ ബി യഥാസമയം രേഖകളിൽ മാറ്റാത്തതുകൊണ്ടാണ് ഉപയോഗിക്കാതെയിരുന്ന ഇത്തരം ഫ്ളൂറസെറ്റ് ട്യൂബുകളുടെ, ബൾബുകളുടെയും വൈദ്യുത ചാർജ് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തി ബില്ലുകൾ തയ്യാറാക്കി നൽകുന്നത്. മണമ്പൂർ ഗ്രാമപഞ്ചായത്ത് ടി ലൈറ്റുകൾ മേൽ കാലയളവ് മുതൽ ഉപയോഗികുന്നില്ല. വിളക്കുകൾ LED-യിലേക്ക് മാറിയതിന് ആനുപാതികമായി വൈദ്യുത ചാർജിൽ KSEB LTD എനർജി ഓഡിറ്റ് നടത്തി തുക കുറവു വരുത്തിയിട്ടില്ലാത്തതുമാകുന്നു.

സ്ട്രീറ്റ് മെയിനുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അനധികൃതമായി തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്ന് പഞ്ചായത്ത് കെ.എസ്.ഇ.ബി.യ്ക്ക് അറിയിപ്പ് നൽകിയിട്ടില്ല. ഇത്തരം സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് സ്വിച്ചിംഗ് സമ്പ്രദായമുള്ള ലൈറ്റുകൾ ആണ് സ്ഥാപിക്കേണ്ടിയിരുന്നതും, ലൈറ്റ് ഒന്നിന് ഫിക്സഡ് ചാർജ് രേഖപ്പെടുത്തി നൽകേണ്ടതായിരുന്നുവെന്നും, ഇത്തരത്തിൽ അനധികൃതമായി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് ലഭ്യമായ നിർദേശം സംബന്ധിച്ചും, കൂടാതെ ടി ലൈറ്റുകൾക്ക് ഫിക്സഡ് ചാർജ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നതും ആ കാലയളവിലെ രേഖകൾ പരിശോധിച്ച് റീജിണൽ ഓഡിറ്റ് വ്യക്തത വരുത്തേണ്ടതാണ്. ടി കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതുവരെ വൈദ്യുതി ബോർഡിന് ഉണ്ടായതായി പറയുന്ന നഷ്ടം വഹിക്കുന്നതിനുള്ള ബാധ്യത മണമ്പൂർ ഗ്രാമപഞ്ചായത്തിനില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് വേണ്ടി പഞ്ചായത്ത് തുക ഒടുക്കിയിട്ടുള്ളതായി മുൻകാല റിപ്പോർട്ടുകളിൽ രേഖപ്പെടുത്തി നൽകിയിരുന്നു. ആയത് പ്രകാരമുള്ള പഞ്ചായത്തിന്റെ അവകാശ വാദത്തിൻ മേൽ പുനഃപരിശോധനയ്ക്കായി റീജിണൽ ഓഡിറ്റ് ടീമിനെ ചുമതലപ്പെടുത്തുന്നതിനും ടി കാലയളവു മുതലുള്ള കെ.എസ്.ഇ.ബിയുടെ അക്കൗണ്ടുകൾ പ്രത്യേക ഓഡിറ്റിന് വിധേയമാക്കി നിജസ്ഥിതി ബോധ്യപ്പെട്ടുന്നതുവരെയും പഞ്ചായത്തിൻമേലുള്ള എല്ലാ നടപടികളും നിറുത്തിവയ്ക്കുന്നതിന് ഉത്തരവുണ്ടാകണമെന്ന് ബഹു. ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനോട് അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 14/03/2024-ന് രാവിലെ 11:00-ന് KSEBL, പരുത്തിപ്പാറ, തിരുവനന്തപുരം, IB-യിൽവെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. സന്തോഷ് കുമാർ ജെ.എസ്., സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത് എതിർ കക്ഷിയായ ശ്രീമതി. ദിവ്യ ചന്ദ്രൻ ഡി.ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ആറ്റിങ്ങൽ എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

മണമ്പൂർ ഗ്രാമ പഞ്ചായത്തിലെ മൂന്ന് വാർഡുകളായ പാലാം കോണം വാർഡ്, ചെഞ്ചേരി കോണം വാർഡ്, ചാത്തൻപാറ വാർഡ് എന്നിവിടങ്ങൾ 327 തെരുവ് വിളക്കുകൾ ലൈസൻസിയുടെ അറിവോ സമ്മതമോ ഇല്ലാതെ കണക്ട് ചെയ്യുകയും വൈദ്യുത ചാർജ് അടക്കാതെ ഉപയോഗിക്കുകയും ചെയ്തു എന്നതാണ് പരാതിക്കാധാരം. ഇത് കണ്ടെത്തിയത് ഓഡിറ്റ് നടത്തിയ RAU ആണ്. ലൈസൻസിയുടെ സെക്ഷൻ ഓഫീസ് അറിയാതെ ഇങ്ങനെ വൈദ്യുത വിളക്കുകൾ ലൈനിൽ സ്ഥാപിച്ചു എന്നുള്ളത് വളരെ അതിശയകരമായി തോന്നുന്നു. വൈദ്യുത വിതരണ സംവിധാനത്തിന്റെ (Electric Power Distribution System) പൂർണ്ണ ഉത്തരവാദിത്വം അതാതു സെക്ഷനുകൾക്കാണ്. അഥവാ അനധികൃതമായി ആരെങ്കിലും എന്തെങ്കിലും വിതരണ സംവിധാനത്തിൽ നടത്തിയാൽ പോലും അത് കണ്ടെത്തേണ്ട ബാധ്യതയും സെക്ഷനിലെ ഉദ്യോഗസ്ഥർക്കുണ്ട്. രണ്ട് വർഷത്തോളം ഇവ അനധികൃതമായി പ്രവർത്തിച്ചിട്ടും line man, Oversear, Sub Engineer, Asst. Engineer മുതലായ ഒരു ഉദ്യോഗസ്ഥരും ഇതിനെക്കുറിച്ചു അറിഞ്ഞില്ല എന്നുള്ളത് ലൈനിന്റെ

സുരക്ഷയും സംരക്ഷണവുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ വളരെ വലിയ വീഴ്ചയായി കാണേണ്ടതുണ്ട്. Line patrolling-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്ഥിരമായി പെട്രോളിംഗ് നടത്തുമ്പോൾ ഇത് കണ്ടെത്തേണ്ടതല്ലേ. ഇവിടെ ആ ഉദ്യോഗസ്ഥൻ patrolling നടത്തിയിരുന്നോ ? അപ്പോൾ കാണാതിരുന്നതോ അതോ കണ്ടിട്ടും നടപടി എടുക്കാതിരുന്നതോ ? അതോ Line Patrolling എന്ന ഉത്തരവാദിത്വം നിറവേറ്റാതിരുന്നതാണോ ? എന്തായിരുന്നാലും Line patrolling നടത്തേണ്ട ഉദ്യോഗസ്ഥന്റെ കൃത്യവിലോപം തെളിയുന്നതിനാൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കേണ്ടി വരുന്നു.

സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് നോഡൽ ഏജൻസി ആയ KSEBL-യുമായി ചേർന്നായിരിക്കണം എന്ന നിഷ്ക്കർഷിച്ചിരിക്കുന്നു. പരാതിക്കാരന്റെ വാദത്തിലും KSEBL-ന്റെ അറിവോടും സമ്മതത്തോടുമാണ് ഇവ സ്ഥാപിക്കുന്നത് എന്നും ആവർത്തിക്കുന്നു. Electricity Supply Code 2014 ലെ 102ആം റെഗുലേഷനിൽ street light ന് supply നൽകുന്നതിനെക്കുറിച്ച് വിവരിക്കുന്നു.

***102. Supply of electricity for street lights.-***

*(1) "The licensee shall provide electric supply for public street lights, on request from local authority".*

*(2) "An agreement shall be executed by the local authority with the licensee in the format to be stipulated by the licensee and approved by the Commission and the agreement shall be stamped with the common seal of the local authority".*

*(3) "Security deposit for electricity charges and for the meter shall not be insisted by the licensee from the local authority in view of the public importance of the purpose".*

*(4) "Local authority shall have the option to provide their own street lighting installation and avail power through metered supply in which case capital and maintenance works will be carried out by the local authority".*

*(5) "The licensee may provide the street lighting installations on the distribution lines of the licensee, if requested by the local authority, on realisation of the expenditure estimated as per the cost data approved by the Commission".*

*(6) “Maintenance of the street lighting system installed on the distribution lines of the licensee shall be done by the local authority only under the supervision of the licensee”.*

*(7) “New supplies for street lights shall be given only as metered supply”.*

*(8) “The existing supply of electricity to street lighting system which is not metered, shall be brought under metered supply in a phased manner within a period of twenty four months from the date of coming into effect of the Code, for which the licensees shall prepare a time bound programme and obtain the approval of the Commission within a period of six months”.*

*(9) “The local authority shall pay the electricity charges to the licensee at the rates notified by the Commission”.*

*(10) “The licensee may install street lights in private areas where the distributing lines of the licensee are in existence, on special terms and conditions to be agreed mutually by the licensee and the person who applies for such service”.*\

സാധാരണയായി രണ്ടു രീതിയിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നത്.

1. Metered street lights (Tariff LT VIIIB)
2. Unmetered street lights (Tariff LT VIIIA)

മീറ്റർ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്ക് കമ്മീഷൻ തീരുമാനിച്ചിട്ടുള്ള താരിഫ് പ്രകാരം ചാർജ് ഈടാക്കുന്നു. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടില്ലാത്ത (Unmetered street light) തെരുവ് വിളക്കുകൾക്ക് കമ്മീഷൻ വിവിധതരം Lampകൾക്ക് മാസം അടയ്ക്കേണ്ട തുക നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം ലൈസൻസി ചാർജ് ഈടാക്കേണ്ടതുമാണ്. ഇവിടെ ഒരു രീതിയും അവലംബിച്ചിട്ടില്ല എന്ന് RAU കണ്ടെത്തി എന്നാണ് സ്ഥാപിക്കുന്നത്. ഉദ്യോഗസ്ഥരുടെ അറിവോടെയല്ലാതെ ഇവ ഘടിപ്പിക്കാൻ കഴിയില്ല. അങ്ങനെയെങ്കിൽ എന്തുകൊണ്ട് യഥാസമയം ചാർജ് ഈടാക്കിയിരുന്നില്ല. ഇതും ഉദ്യോഗസ്ഥരുടെ അലംഭാവത്തിലേക്കും കൃത്യവിലോപത്തിലേക്കും വിരൽ ചൂണ്ടുന്നു.

ഇവിടെ 15/01/2020-ൽ ലൈസൻസിയുടെ RAU സ്ഥല പരിശോധന നടത്തിയെന്നും ആ പരിശോധനയിലാണ് ഇത് കണ്ടെത്തിയതെന്നും വാദിക്കുന്നു. ഒരു പരിശോധന നടത്തുമ്പോൾ അവലംബിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ചു Supply code 2014-ലെ റെഗുലേഷൻ 173 ൽ കൃത്യമായി വിവരിച്ചിരിക്കുന്നു.

***173. General provisions relating to inspection.-***

*(1) "Every inspection conducted by the licensee shall be transparent, fair and free of prejudice".*

*(2) "While seeking entry into the premises of the consumer, the authorised employee of the licensee shall visibly display his name tag and produce for scrutiny, the proof of identity or authorisation of the distribution licensee and shall inform the consumer of the purpose of his entry into the premises".*

*(3) "The authorised employee of the licensee shall also carry the job sheet or work order or similar authorisation setting out the work required to be done at the premises and show the same to the consumer before entering the premises".*

*(4) "No inspection of any domestic premises shall be carried out between sunset and sunrise except in the presence of an adult male member occupying such premises, or an adult male representative".*

*(5) "Every inspection shall be complete in all respects and the officer authorised to conduct inspection shall inspect thoroughly, all relevant aspects of the installation including the load connected, purpose for which electricity is being used, condition of the metering installation etc., without limiting the scope of inspection to one or two aspects".*

*(6) "The officer who prepares the mahazar or the inspection report shall obtain the signature of inspecting officers, officers of the licensee at site and of independent witnesses".*

*(7) "The consumer or his employee or his representative or the occupier or his representative present at the premises shall be allowed to read the mahazar and to affix his signature in it".*

*(8) "In case the consumer or the occupier or his representative refuses to affix his signature in the mahazar, the fact shall also be recorded in the mahazar".*

*(9) "As far as possible, the officer authorised to inspect the premises of the consumer shall take two independent witnesses for the inspection of the premises and shall make such independent witnesses fully aware of the facts recorded in the mahazar and shall obtain their signature in the mahazar".*

*(10) "The name and official addresses of all inspecting officers as well as full permanent address of witnesses shall be recorded in the mahazar".*

*(11) "A copy of the mahazar shall be handed over to the consumer/occupier/ representative present at the premises, under proper acknowledgement at the spot itself on completing the inspection".*

പരിശോധന നടത്തുമ്പോൾ ഉപഭോക്താവിന്റെ പ്രതിനിധി

ഉണ്ടായിരിക്കണമെന്നും, സ്ഥലത്തുവെച്ചുതന്നെ മഹസ്സർ തയ്യാറാക്കണമെന്നും, മഹസ്സർ വായിച്ചു കേൾപ്പിച്ച ശേഷം ഉപഭോക്താവിന്റെ പ്രതിനിധിയുടെയും സാക്ഷിയുടെയും കയ്യൊപ്പ് വാങ്ങണമെന്നും നിഷ്കർഷിക്കുന്നു. പരിശോധനകൾ പൂർണ്ണമായും സുതാര്യമായിരിക്കണമെന്നാണ് ഈ റെഗുലേഷനിൽ പ്രതിപാദിക്കുന്നത്. ഇവിടെ 15/01/2020-ൽ നടത്തിയ പരിശോധന സുതാര്യമല്ല എന്നും, അതിൽ ചട്ടപ്രകാരമുള്ള നിബന്ധനകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല എന്നും കാണുന്നു. ഉപഭോക്താവിനെ ബോധ്യപ്പെടുത്താതെയാണ് ഈ ചാർജ് ഈടാക്കാൻ ലൈസൻസിയുടെ RAU നിർദ്ദേശിക്കുന്നത്. ഇത് തികച്ചും അംഗീകരിക്കാൻ കഴിയുന്നതല്ല.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനങ്ങൾ എടുക്കുന്നു.

1. പരിശോധനയും കണ്ടെത്തലുകളും സുതാര്യമല്ലാത്തതിനാലും ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും അതുപ്രകാരം നൽകിയിട്ടുള്ള ബിൽ റദ്ദാക്കുന്നു.

2. ലൈസൻസി പരാതിക്കാരന്റെ (ഉപഭോക്താവിന്റെ) സാന്നിധ്യത്തിൽ പുനഃ പരിശോധന നടത്തി തെരുവ് വിളക്കുകൾ പ്രവർത്തിപ്പിച്ചിരുന്നതിൽ ക്രമക്കേടുകൾ ഉണ്ടായിരുന്നോ എന്ന് കണ്ടെത്തുകയും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ഘടിപ്പിച്ചിട്ടുള്ള തീയതി മുതലുള്ള വൈദ്യുത ചാർജ് ഈടാക്കേണ്ടതുമാണ്.

3. പരാതിക്കാരൻ തീരുമാനം(2) നടപ്പിലാക്കാൻ പൂർണ്ണമായും സഹകരിക്കേണ്ടതാണ്.

4. പരാതിയുമായി ബന്ധപ്പെട്ട് കൃത്യവിലോപവും അലംഭാവവും നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകൾ ചട്ടപ്രകാരമായിരിക്കണം എന്നത് ലൈസൻസി ഉറപ്പുവരുത്തേണ്ടതുമാണ്.

6. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/08/2024/ തീയതി: 15/04/2024.

**അയക്കുന്നത്:**

1. സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത്, കവലയൂർ പി.ഓ., വർക്കല, തിരുവനന്തപുരം ജില്ല- 695144.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ആറ്റിങ്ങൽ, തിരുവനന്തപുരം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം (CGRF-സൗത്ത്), കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, കൊട്ടാരക്കര- 691 506.